LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പ് പെരുമാറ്റചട്ട ലംഘനം നടത്തിയ ഉദ്യോഗസ്ഥർ

80 (4697) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനു ശേഷം പെരുമാറ്റചട്ടം നിലനിൽക്കെ ഇടുക്കി ഉപവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്നും സ്ഥലമാറ്റ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലമാറ്റ ഉത്തരവുകൾ തെരഞ്ഞെടുപ്പ് വിജ്ഞാപനം നിലനിൽക്കെ പുറത്തിറക്കിയിട്ടുണ്ട് ;

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കെ ഇപ്രകാരം സ്ഥലമാറ്റ ഉത്തരവുകൾ പുറത്തിറക്കാൻ ഇടയാക്കിയ അടിയന്തിര സാഹചര്യം വിശദമാക്കുമോ;

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ട ലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരണം നൽകാമോ;

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെ ഈ ഓഫിസിൽ നിന്നും പുറത്തിറങ്ങിയിട്ടുള്ള സ്ഥലംമാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 15-3-2014-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് ലോകസഭ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനുശേഷം പെരുമാറ്റ ചട്ടം നിലവിൽ വന്ന 15-3-2014 മുതൽ അവസാനിച്ച 28-5-2014 വരെയുള്ള കാലയളവിൽ സ്ഥലംമാറ്റം നൽകിക്കൊണ്ട് ഉത്തരവുകൾ ഒന്നും ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പൊതുവിദ്യാഭ്യാസ രംഗത്ത് ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വിപുലമാക്കൽ

81 (4699) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം മേഖലകളിലാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;